# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 459 — 01.07.2013-ലെ മറുപടിയ്ക്ക്

### ഫയൽ തീർപ്പാക്കുന്നതിലെ അനാവശ്യ കാലതാമസം

ചോദ്യം

ശ്രീ. സി. മമ്മൂട്ടി

'' പി. ഉബൈദുള്ള

'' കെ.എം. ഷാജി

'' റ്റി.എ. അഹമ്മദ് കബീർ

ഉത്തരം

ശ്രീ. ഉമ്മൻചാണ്ടി

(ബഹു: മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ). | സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ, പുരോഗമനപരമായ വിവരാവകാശനിയമം, സേവനാവകാശനിയമം എന്നിവ നടപ്പാക്കിയിട്ടും, ഫയലുകളിൽ തീരുമാനമെടുക്കുന്നതിലും, ജനങ്ങൾക്ക് സമയബന്ധിതമായി നീതി ലഭ്യമാക്കുന്നതിനും അനാവശ്യ കാലതാമസം ഇപ്പോഴും നിലനിൽക്കുന്നുവെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) | വിവരാവകാശം, സേവനാവകാശം തുടങ്ങിയ നിയമങ്ങൾ മുഖേന ജനങ്ങൾക്ക് നീതിയും സേവനവും കാലതാമസം കൂടാതെ ലഭ്യമാക്കുക എന്നതാണ് സർക്കാർ നയം. ടി നിയമങ്ങളുടെ പരിധിയിൽ വരുന്നതും ലഭ്യമാക്കാവുന്നതുമായ എല്ലാ സേവനങ്ങളും കാലതാമസം കൂടാതെ നൽകി വരുന്നുണ്ട്. നിയമപരവും സാങ്കേതിക പരവുമായ തടസ്സമുള്ള ഫയലുകൾ, അച്ചടക്ക നടപടികൾ, എസ്റ്റാബ്ലിഷ്മെന്റ് കാര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ഫയലുകൾ, വിശദമായ അന്വേഷണങ്ങളും ഹിയറിംഗുകളും ആവശ്യമുള്ള ഫയലുകൾ, അക്കൗണ്ടന്റ് ജനറൽ ഓഫീസുമായും ഹൈക്കോടതിയുമായും ബന്ധപ്പെട്ട ഫയലുകൾ, സർക്കാരിന്റെ നടപടി ക്രമങ്ങളുമായി ബന്ധപ്പെട്ട ഫയലുകൾ തുടങ്ങിയ ഫയലുകളാണ് സമയബന്ധിതമായി പെട്ടെന്ന് തീർപ്പാക്കാൻ കഴിയാതെ കാലതാമസം നേരിടുന്നത്. നിയമപരമായ തടസ്സങ്ങളില്ലാത്തതും സങ്കീർണ്ണമായ നടപടിക്രമങ്ങൾ ആവശ്യമില്ലാത്തതുമായ അപേക്ഷകളിന്മേൽ കാലതാമസം കൂടാതെ തീരുമാനമെടുക്കുകയും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. |
| (ബി) | എങ്കിൽ അതിനുള്ള കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | | |
| (സി) | മുഖ്യമന്ത്രി നടത്തിയ ജനസമ്പർക്കപരിപാടിയിൽ പരിഗണിക്കപ്പെട്ട കേസുകളിൽ ഇനിയും പരിഹാരമാകാതെ ശേഷിക്കുന്നവയെക്കുറിച്ച് പരിശോധിക്കുമോ ? | (സി) | കഴിഞ്ഞ ജനസമ്പർക്ക പരിപാടിയിൽ പരിഗണിക്കപ്പെട്ട കേസുകളിൽ ഇനിയും പരിഹാരമാകാതെ ശേഷിക്കുന്നവ ഉണ്ടെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ